(എ) കാസർഗോഡ് ജില്ലയിലെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള കവ്വായി കായലും അനുബന്ധപ്രദേശങ്ങളും രാംസർ സൈറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ പ്രദേശങ്ങളിൽ അപൂർവ്വ ഇനത്തിൽപ്പെട്ട മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാകുംവിധം മണലൂറ്റുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രാംസർ ഉടമ്പടി അനുസരിച്ച് രാജ്യാന്തരതലത്തിൽ പ്രാധാന്യമുള്ള തണ്ണീർത്തടങ്ങളെയാണ് രാംസർ സൈറ്റായി പ്രഖ്യാപിക്കുന്നത്. കാസർഗോഡ് ജില്ലയിലെ അതീവ പരിസ്ഥിതി പ്രാധാന്യമുള്ള കവ്വായി കായലും അനുബന്ധ പ്രദേശങ്ങളും രാംസർ സൈറ്റായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പഠിച്ചതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) രാജ്യത്ത് മണൽ ഉൾപ്പെടുന്ന ലഘുധാതുക്കളുടെ ഖനനത്തിന്, ദീപക് കുമാർ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മുൻകൂർ പരിസ്ഥിതികാനുമതി ആവശ്യമാണ്. സംസ്ഥാനത്ത്, 21-2-2014-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് (ജി.ഒ.(എം.എസ്.) 02/14/പരി) പ്രകാരം മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാത്ത മണൽ ഖനനം നിരോധിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഹരിത ട്രിബ്യൂണൽ 5-8-2013, 29-8-2013 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മുൻകൂർ പാരിസ്ഥിതികാനുമതിയില്ലാതെ മണൽ ഖനനം നടത്തുന്നത് നിരോധിച്ചിട്ടുമുണ്ട്. ടി ഉത്തരവുകൾ പ്രസ്തുത പ്രദേശങ്ങൾക്കും ബാധകമാണ്.

പരിസ്ഥിതി നയം

257 (5188) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പരിസ്ഥിതിനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പരിസ്ഥിതിനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഉണ്ട്. കാലികപ്രാധാന്യമുള്ള കാലാവസ്ഥാ വ്യതിയാനം മുതലായ ചില അത്യാവശ്യ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി, മുമ്പ് പ്രഖ്യാപിച്ച സംസ്ഥാന പരിസ്ഥിതി നയം പുതുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ, സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവരുമായി ചർച്ച നടത്തി

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നയസമീപനങ്ങൾ പുതുക്കിയ പരിസ്ഥിതി നയത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള വ്യതിയാനം രോഗങ്ങൾക്ക് കാരണമാകുന്ന സ്ഥിതി**

258 (5189) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനി പടർന്ന് പിടിക്കുന്നത് പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള ഗുരുതരമായ വ്യതിയാനംമൂലമുള്ള സാമൂഹിക പ്രശ്നമാണെന്ന് അറിയാമോ ;

(ബി) എങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

**ഉത്തരം**

(എ) പനി പടർന്ന് പിടിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നുമാത്രമാണ് പാരിസ്ഥിതിക സന്തുലനത്തിൽ നിന്നുള്ള വ്യതിയാനം.

(ബി) പരിസ്ഥിതി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**പുഴകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

259 (5190) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാരിസ്ഥിതികനാശം ഏറ്റവും അധികം ബാധിച്ചിട്ടുള്ളത് പുഴകളെയാണ് എന്നത് കണക്കിലെടുത്ത് പുഴകളെ സംരക്ഷിക്കുവാൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ പരിസ്ഥിതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**

ഉണ്ട്. സംസ്ഥാനത്തിന്റെ നിലനിൽപ്പിന് ആധാരവും സംസ്ഥാനത്തിന്റെ വിലമതിക്കാനാവാത്ത പ്രകൃതിവിഭവവുമായ ജലം, സംസ്ഥാനത്തിന് ലഭ്യമാക്കുന്ന, അതുല്യമായ പരിസ്ഥിതി സേവനങ്ങൾ സുസ്ഥിര സംരക്ഷണ നടപടികളിലൂടെ വരുംതലമുറകൾക്കും ലഭ്യമാക്കണമെന്നുള്ളതിനാലും ഈ രീതിയിലുള്ള മലിനീകരണവും ചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതിനാലും സംസ്ഥാനത്തെ ഏറ്റവും അടിയന്തര ശ്രദ്ധയും പരിഹാര നടപടിയും ആവശ്യമുള്ള പാരിസ്ഥിതിക പ്രതിസന്ധി എന്ന നിലയിൽ ജീവജലം സംരക്ഷിക്കുക എന്നത് പരമപ്രധാനമായ ഒരു സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly